## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2915** 13.07.2015 ന് മറുപടിയ്ക്ക്

## ലഹരി വസ്തുക്കളുടെ ഉൽപാദനവും വിപണനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>,, ലൂഡി ലൂയിസ്<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ലഹരി വസ്തുക്കളുടെ ഉൽപാദനവും വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ലഹരി വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് ലഹരി വസ്തുക്കൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തു നിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ലഹരി വസ്തുക്കളുടെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തു വരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും, ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും ലഹരി വസ്തുക്കളുടെ വില്പനക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജൂൺ 15 മുതൽ |

| | | | |
|---|---|---|---|
| | | | ജൂലൈ 15 വരെ 'ഓപ്പറേഷൻ മൂൺഷൈൻ' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) | ഇതിനായുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇതിനായുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായി എല്ലാ മാസവും എക്സൈസ് കമ്മീഷണർ മാസാവലോകന യോഗം കൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തി വരുന്നുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ മേഖലാതലത്തിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലാതലത്തിലും ഇത്തരത്തിലുള്ള മാസാവലോകന യോഗം കൂടി അവര വരുടെ അധികാര പരിധിയിൽ നടന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (സി) | ഇതിനകം നടപടി സ്വീകരിച്ചുവെങ്കിൽ അവ വ്യക്തമാക്കുമോ? | (സി) | എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായി എല്ലാമാസവും എക്സൈസ് കമ്മീഷണർ മാസാവലോകന യോഗം കൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തി വരുന്നുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ മേഖലാതലത്തിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലാ തലത്തിലും ഇത്തരത്തിലുള്ള മാസാവലോകന യോഗം കൂടി അവരവരുടെ അധികാര പരിധിയിൽ നടന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിച്ചുള്ള ഡി.ജെ.പാർട്ടികൾ നിരോധിക്കുന്നതിനും പാർട്ടികളിൽ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനും ശക്തമായ നടപടി സ്വീകരിച്ചു വരുന്നു. വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്. കൂടാതെ കേന്ദ്ര എൻഫോഴ്സ്മെന്റ് ഏജൻസിയായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും, സംസ്ഥാന പോലീസും, കസ്റ്റംസ് ഇതര എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ ആകാശമാർഗ്ഗവും കടൽമാർഗ്ഗവും കരമാർഗ്ഗവും സംസ്ഥാനത്തേക്ക് വരുന്നവരെ കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വിദേശ വിനോദ സഞ്ചാരികളുടെ പ്രവർത്തനങ്ങളും നിരീക്ഷിച്ചു വരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക പരിശോധനകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 മെയ് |

മുതൽ 2015 ജൂൺ വരെ 3135 എൻ.ഡി.പി.എസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **കേസ്സുകളുടെ എണ്ണം** |
|---|---|
| 2011 മെയ് മുതൽ ഡിസംബർ വരെ | 241 |
| 2012 ജനുവരി മുതൽ ഡിസംബർ വരെ | 563 |
| 2013 ജനുവരി മുതൽ ഡിസംബർ വരെ | 793 |
| 2014 ജനുവരി മുതൽ ഡിസംബർ വരെ | 970 |
| 2015 ജനുവരി മുതൽ ജൂൺ വരെ | 568 |
| ആകെ | 3135 |

Shainu.V

**സെക്ഷൻ ഓഫീസർ**